KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :12/10/ 2019

# മൊബൈൽ സിംകാർഡ് വിതരണ കേന്ദ്രങ്ങളിൽ പോലീസ് പരിശോധന

കൊല്ലം സിറ്റി പോലീസ് പരിധിയിലെ മൊബൈൽ സിംകാർഡ് വിതരണ കേന്ദ്രങ്ങളിൽ പോലീസ് മിന്നൽ പരിശോ ധന നടത്തി. വ്യക്തിഗത വിവരങ്ങൾ വ്യാജമായി നൽകിയും ഫോട്ടോയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ, വ്യാജ തിരിച്ചറിയൽ രേഖകൾ എന്നിവ ഉപയോഗിച്ചും മതിയായ അനുമതി പത്രമില്ലാതെയും സിംകാർഡുകൾ വിതരണം ചെയ്യുന്നതായി വിവരം ലഭിച്ചതിനെ തുടർന്നാണ് മിന്നൽ പരിശോധന നടത്തിയത്. കൊല്ലംസിറ്റി പരിധിയിൽ വിവിധ സ്ഥലങ്ങളിലായി 110 സിംകാർഡ് വിൽപ്പന ശാലകളിലാണ് പോലീസ് പരിശോധന നടത്തി രേഖകൾ പരിശോധിച്ചത്. വ്യാജമായി സമ്പാദിക്കുന്ന സിംകാർഡുകൾ വിധ്വംസക പ്രവർത്തനങ്ങൾക്കും  മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ സാധ്യതയുള്ളതിനാൽ തുടർന്നും ഇത്തരം പരിശോധനകൾ നടത്തുന്നതാണെന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ പി.കെ.മധു ഐപിഎസ് അറിയിച്ചു.

